RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST.

PRESIDENT: The House will now proceed with the discussion of the resolutions balloted for the day. The first resolution stands in the name of Mr. P. S. Mahomed.

Resolution re Mats and Matting Industry.

MR. P. S. MAHOMED (*Nominated*): Sir, I move the following resolution:

This Council recommends to the Government that a Committee, as recommended by the Development Board, be appointed by the Government immediately for investigation and enquiry into the mats and matting industry in the State.

ഈ പ്രമേയത്തെ ഈ കൌൺസിലിന്റെ അംഗീകരണത്തിന്നായി സമർപ്പിച്ചുകൊള്ളുന്നു. വ്യവസായം ഒരു രാജ്യത്തിന്ന് എത്രമാത്രം ആവശ്യമുള്ളതാണെന്നും അതു് രാജ്യത്തെ സാമ്പത്തീകമായനിലയെ എത്രമാത്രം സഹായിക്കുമെന്നും ഉള്ള സംഗതി ഞാൻ ഇവിടെ പ്രസ്താപിക്കേണ്ട ആവശ്യമില്ല. അതിനെസംബന്ധിച്ചു് എല്ലാവരും ഏകാഭിപ്രായമായിട്ടതന്നെയിരിക്കും. സാമ്പത്തീകാവസ്ഥയിൽ വല്ല രാജ്യവും ഔന്നത്യത്തെ പ്രാപിച്ചിട്ടുണ്ടെങ്കിൽ അതു് ഇങ്ങനെയുള്ള തൊഴിലിൽ ഏർപ്പെട്ടു പ്രവർത്തിക്കുന്നരാജ്യംമാത്രമാണു്. എവിടെയെല്ലാം വ്യവസായത്തിൽ അഭിവൃദ്ധിയുണ്ടോ അവിടെയെല്ലാം സാമ്പത്തീകസ്ഥിതിയിലും അഭിവൃദ്ധിയുണ്ടായിരിക്കും. നമ്മുടെരാജ്യം ഒരു കാർഷികരാജ്യമാണെന്ന വരുകിലും ഇവിടെ ഉണ്ടാകുന്ന അസംസ്കൃത സാധനങ്ങളെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തി വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുതകുന്ന എന്നുള്ള ധാരണകൊണ്ടു മാത്രമാണു് ഇവിടെ ഒരു വ്യവസായ ഡിപ്പാർട്ടുമെൻറ് ഒന്നു പ്രത്യേകമായിട്ടു തിരിച്ചതു്. വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ള ആഗ്രഹം തിരുവിതാംകൂർ ഗവണ്മെൻറിനും ഈ രാജ്യം ഭരിക്കുന്ന മഹാറാണി റീജൻറു തിരുമനസ്സിനും ഉണ്ടെന്നുള്ളതിന്ന ഇതിൽക്കൂടുതലായ തെളിവു വേറെ ഒന്നും തന്നെവേണ്ട.

ഇവിടെ പലതരത്തിലുള്ള കൃഷിയുണ്ടെങ്കിലും ഏറ്റവും പ്രധാനമായതു് തെങ്ങുകൃഷിതന്നെയാണു്. തെങ്ങിൽനിന്നും കിട്ടുന്ന സാധനങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് തൊണ്ടിൽനിന്നും ഉണ്ടാക്കിവരുന്നതായ കയറു്. ഈ കയറിനെ വേണ്ടവിധത്തിൽ ശരിപ്പെടുത്തി കയറുപായായിട്ടും തടുക്കായിട്ടും വിദേശങ്ങളിലേക്കു് അയച്ചു ധാരാളമായി വിറ്റുകൊണ്ടിരിക്കുന്ന എന്നുള്ള സംഗതിയും ഇവിടെ ഞാൻ പ്രത്യേകം പ്രസ്താവിക്കേണ്ട ആവശ്യമില്ല. വിദേശമാക്കറ്റുകളിൽ ഇവി

LIBRARY ARCHIVES Kerala Legislative Assembly